(1)	(2)	(3)	(4)
4	1-12-2013 മുതൽ 30-10-2014 വരെ	1. Part II B Para III work executed under 'Bill of cost'	6-5-2015-ന് A.G.യ്ക്ക് മറുപടി നൽകിയിട്ടുണ്ട്.
		2. Para IV Purchase of Computer - Variation in processing speed	2. Not pursued further (as per AG's letter dated 9-6-2015)

പി.എസ്.സി. റാങ്ക് ലിസ്റ്റുകളും നിയമനവും

12 (4339) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ; തസ്തിക തിരിച്ചുള്ള വിവരം നൽകുമോ ; ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ 1-3-2015 വരെ നിയമിച്ചിട്ടുണ്ട് ; വകപ്പു തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ബി.എൽ.ഒ.-മാരുടെ പ്രതിഫലം

13 (4340) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 2013 മുതൽ ബി.എൽ.ഒ.-മാരായി സേവനം അനുഷ്ഠിക്കുന്ന അംഗൻവാടി ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ഇനിയും പ്രതിഫലം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കളർ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടതിന്റേതടക്കം ബി.എൽ.ഒ.-മാർക്ക് നൽകാനുള്ള പ്രതിഫലം ഉടൻ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തെ എല്ലാ ആനുകൂല്യങ്ങളും ബി.എൽ.ഒ.-മാർക്ക് അനുവദിച്ചിട്ടുള്ളതാണ്. ബി.എൽ.ഒ.-മാരായി സേവനം അനുഷ്ഠിക്കുന്ന അംഗൻവാടി ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് 2014-15 സാമ്പത്തിക വർഷത്തിലെ പ്രതിഫലം നൽകുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ കാസർഗോഡ്, കോഴിക്കോട്, തിരുവനന്തപുരം എന്നീ മൂന്ന് ജില്ലകളിലെ ബി.എൽ.ഒ.-മാർക്ക് 2014-15, 2015-16 ബഡ്ജറ്റിലെ ഫണ്ട് ലഭ്യത അനുസരിച്ച് ബി.എൽ.ഒ. പ്രതിഫലം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വോട്ടർമാരുടെ പഴയ ഐഡന്റിറ്റി കാർഡ് മാറ്റി പുതിയ കളർ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് ബൂത്ത് ലെവൽ ഓഫീസർമാർക്ക് അഡ്വാൻസ് തുകയായി 500 രൂപാ വീതം അനുവദിച്ചിട്ടുള്ളതാണ്. 2015-16 വർഷത്തെ പൂർണ്ണ ബഡ്ജറ്റ് പാസായ ശേഷം മാത്രമേ ബാക്കി തുകയും അനുവദനീയമായ മറ്റ് പ്രതിഫലവും ബി.എൽ.ഒ.-മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

ശമ്പള/പെൻഷൻ പരിഷ്കരണം

14 (4341) ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്ര ശമ്പള/പെൻഷൻ പരിഷ്കരണ തുല്യത ഉറപ്പ് വരുത്തി ശമ്പളവും പെൻഷനും പരിഷ്കരിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) വേതന/പെൻഷൻ പരിഷ്കരണ കാര്യത്തിലുള്ള അനിശ്ചിതാവസ്ഥ ജീവനക്കാരിലും അദ്ധ്യാപകരിലും പെൻഷൻകാരിലും കടുത്ത ആശങ്കയ്ക്കിടയാക്കിയിരിക്കുന്നതായി അറിയാമോ ; ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ ; റിപ്പോർട്ടിലെ ശിപാർശകൾ വെളിപ്പെടുത്താമോ ; വിശദമാക്കാമോ ;

(സി) ഈ പ്രശ്നത്തിൽ അനിശ്ചിതകാലപണിമുടക്ക് നോട്ടീസ് നൽകിയ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് 13-7-2015-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) വേതന/പെൻഷൻ പരിഷ്കരണ കാര്യത്തിൽ യാതൊരു അനിശ്ചിതാവസ്ഥയും ഇപ്പോൾ ഇല്ല. ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനമെടുത്തിട്ടില്ല. റിപ്പോർട്ടിലെ ശിപാർശകൾ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അനിശ്ചിതകാല പണിമുടക്ക് പിൻവലിച്ച സാഹചര്യത്തിൽ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly